**തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടിക്രമം**

(ഹാജർ : Geromic George IAS )

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ് – ഭരണ ജാഗ്രത - ഇടുക്കി ജില്ല - മറയൂർ ഗ്രാമപഞ്ചായത്ത് - അഴിമതി പ്രവർത്തനങ്ങളും പെരുമാറ്റ ദൂഷ്യവും - രണ്ടാം ഗ്രേഡ് ഓവർസിയർ ശ്രീമതി അജിത സി.എസ്. - നെ സേവനത്തിൽ നിന്നും സസ്പെന്റ് ചെയ്ത് ഉത്തരവാകുന്നു.

പരാമർശം: തദ്ദേശസ്വയംഭരണ വകുപ്പ് ഇടുക്കി ഇന്റേണൽ വിജിലൻസ് ഓഫീസറുടെ 06.01.2026 ലെ LSGD/JD/IDK/53/2026-F2 നമ്പർ റിപ്പോർട്ട്.

**ഉത്തരവ് നമ്പർ .LSGD/PD/570/2026-VIGB4 തീയതി:06-02-2026**

മറയൂർ ഗ്രാമപഞ്ചായത്തിൽ രണ്ടാംഗ്രേഡ് ഓവർസിറായി സേവനമനുഷ്ഠിച്ചുവരുന്ന ശ്രീമതി അജിത സി.എസ്. എന്നവർ വ്യാപകമായി കൈക്കൂലി വാങ്ങുകയും സഹപ്രവർത്തകർ, മേലധികാരികൾ, കോൺട്രാക്ടർമാർ, ലൈസൻസികൾ എന്നിവരോടെല്ലാം അപമര്യാദയായും, ഭീഷണിയുടെ സ്വരത്തിലും, വംശീയവിദ്വേഷം ജനിപ്പിക്കുന്ന തരത്തിലും മറ്റും പെരുമാറുകയും ചെയ്യുന്നതായും കൂടാതെ, ടിയാൾ പാരിതോഷികത്തിനുവേണ്ടി ഫയലുകളിൽ കാലതാമസം ഉണ്ടാക്കുകയും, വ്യക്തതയില്ലാത്ത ഫയൽ നോട്ടുകളും ഇല്ലാത്ത നിയമങ്ങളും ഫയലുകളിൽ എഴുതിച്ചേർത്ത് പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതായും ഇടുക്കി ഇന്റേണൽ വിജിലൻസ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മറയൂർ ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കിയ 109/26 ഗാന്ധിനഗർ കോളനി റോഡ് മെയിന്റനൻസ് എന്ന പ്രവർത്തി നടക്കുന്ന സൈറ്റിൽ എത്തിയ ഓവർസിയർ ശ്രീമതി അജിത സി.എസ്., ടി പ്രവർത്തിയിൽ M Sand ന് പകരം പാറപ്പൊടി ആണ് ഉപയോഗിക്കുന്നത് എന്ന് പറഞ്ഞ് അനാവശ്യമായി ടി പ്രവർത്തി തടസ്സപ്പെടുത്തിയതായും എന്നാൽ ടി പ്രവർത്തി പൂർത്തീകരിച്ച ഭാഗത്തെ കോൺക്രീറ്റ് ക്യൂബ് സാമ്പിളുകൾ മൂന്നാർ ഗവ.എഞ്ചിനിയറിംഗ് കോളേജിൽ പരിശോധിക്കുകയും ടി പ്രവർത്തിയുടെ ഗുണനിലവാരം സംബന്ധിച്ച് തൃപ്തികരമായ റിപ്പോർട്ട് ലഭിച്ചതായി കണ്ടെത്തിയിട്ടുള്ളതുമാണ്.

2025-26 വർഷം മറയൂർ ഗ്രാമപഞ്ചായത്ത് അസി.എഞ്ചിനീയർ നിർവ്വഹണം നടത്തുന്ന കൂടക്കാട് റോഡ് കോൺക്രീറ്റ് എന്ന പ്രവർത്തിയുടെ നിർവ്വഹണസമയത്ത് സൈറ്റ് സൂപ്പർവിഷൻ നടത്തിയിരുന്ന ഓവർസിയറായ ശ്രീമതി അജിത സി.എസ്. കൈക്കൂലി ആവശ്യപ്പെടുകയും സൈറ്റിൽ പ്രതിസന്ധികളുണ്ടാക്കി പ്രവർത്തി തടസപ്പെടുമെന്ന് ഭയന്ന് ടി പ്രവർത്തി ഏറ്റെടുത്തിരുന്ന ശ്രീ.ജോസഫ് പോൾ എന്ന കോൺട്രാക്ടർ 4000 രൂപ ഗൂഗിൾ പേ വഴി ശ്രീമതി അജിത സി.എസ്. - ന് കൈക്കൂലി നല്കേണ്ടിവന്നതായി വെളിപ്പെടുത്തുകയും ആയത് തെളിവുകൾ സഹിതം റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ്. കടവയൽ ബ്രിഡ്ജ് അപ്രോച്ച് റോഡിന്റെ പണികൾ നടക്കുന്ന സൈറ്റിൽ സൂപ്പർവിഷൻ ചെയ്തിരുന്ന ഓവർസിയറായ ശ്രീമതി അജിത സി.എസ്. കോൺട്രാക്ടറോട് കൈക്കൂലി ആവശ്യപ്പെടുകയും ടി തുക നല്കിയില്ലായെങ്കിൽ സൈറ്റിൽ പ്രതിസന്ധികളുണ്ടാക്കി പ്രവർത്തി തടസപ്പെടുത്തുമെന്ന് ഭയന്ന് ടി പ്രവർത്തി ഏറ്റെടുത്തിരുന്ന ശ്രീ.ജോസഫ് പോൾ എന്ന കോൺട്രാക്ടർ 5000 രൂപ ഗൂഗിൾ പേ വഴി ശ്രീമതി അജിത സി.എസ്. കൈക്കൂലി നല്കേണ്ടിവന്നതായി തെളിവുകൾ സഹിതം വെളിപ്പെടുത്തുകയും ആയത് റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ്.

ഇടുക്കി ഇന്റേണൽ വിജിലൻസ് ഓഫീസറുടെ റിപ്പോർട്ടും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നിന്നും

മറയൂർ ഗ്രാമപഞ്ചായത്ത് രണ്ടാം ഗ്രേഡ് ഓവർസിയറായ ശ്രീമതി അജിത സി.എസ്. വ്യാപകമായി കൈക്കൂലി വാങ്ങുകയും സഹപ്രവർത്തകർ, മേലധികാരികൾ, കോൺട്രാക്ടർമാർ, ലൈസൻസികൾ, എന്നിവരോടെല്ലാം അപമര്യാദയായി പെരുമാറുകയും ഭീഷണിയുടെ സ്വരത്തിലും വംശീയവിദ്വേഷം ജനിപ്പിക്കുന്ന തരത്തിലും പെരുമാറുന്നതായും കൂടാതെ, ടിയാൾ പാരിതോഷികത്തിനുവേണ്ടി ഫയലുകളിൽ അനാവശ്യ കാലതാമസം ഉണ്ടാക്കുകയും, അഴിമതി നടത്തുന്നതിനായി വ്യക്തതയില്ലാത്ത ഫയൽ നോട്ടുകളും ഇല്ലാത്ത നിയമങ്ങളും ഫയലുകളിൽ എഴുതിച്ചേർത്ത് പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതായും ബോധ്യപ്പെടുന്നു.

മേൽ വസ്തുതകൾ പരിശോധിച്ചതിൽ, മറയൂർ ഗ്രാമപഞ്ചായത്ത് രണ്ടാം ഗ്രേഡ് ഓവർസിയറായ ശ്രീമതി അജിത സി.എസ്.- ന്റെ ഭാഗത്തുനിന്നും അച്ചടക്ക ലംഘനം, ചട്ടലംഘനം, അധികാര ദുർവിനിയോഗം, സ്വജന പക്ഷപാതം, അഴിമതി, സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങളുടെ ലംഘനം എന്നീ ഗുരുതരമായ വീഴ്ചകൾ സംഭവിച്ചതായും ടിയാളുടെ പ്രവർത്തികൾ സംബന്ധിച്ച് വിശദമായ അന്വേഷണം ആവശ്യമാണെന്നും കാണുന്നു. **പ്രസ്തുത സാഹചര്യത്തിൽ മറയൂർ ഗ്രാമപഞ്ചായത്തിലെ രണ്ടാം ഗ്രേഡ് ഓവർസിയറായ ശ്രീമതി അജിത സി.എസ്. (പെൻ.740426) എന്നവരെ 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം അന്വേഷണ വിധേയമായി സേവനത്തിൽ നിന്നും ഉടൻ പ്രാബല്യത്തിൽ സസ്പെന്റ് ചെയ്ത് ഉത്തരവാകുന്നു.**

ശ്രീമതി അജിത സി.എസ്. ന് സസ്പെൻഷൻ കാലയളവിൽ നിയമാനുസൃത ഉപജീവന ബത്തക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

Geromic George IAS
PRINCIPAL DIRECTOR

**ശ്രീമതി അജിത സി.എസ്.** (പെൻ.740426)
മൂന്നാം ഗ്രേഡ് ഓവർസിയർ
മറയൂർ ഗ്രാമപഞ്ചായത്ത്
(തദ്ദേശസ്വയംഭരണ വകുപ്പ് ഇടുക്കി ജില്ലാ ജോയിന്റ് ഡയറക്ടർ മുഖേന)

പകർപ്പ് :
1. തദ്ദേശസ്വയംഭരണ വകുപ്പ് ഇടുക്കി ജില്ലാ ജോയിന്റ് ഡയറക്ടർ (ഉത്തരവ് നടപ്പിലാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്)
2. സെക്രട്ടറി, മറയൂർ ഗ്രാമപഞ്ചായത്ത് (തദ്ദേശസ്വയംഭരണ വകുപ്പ് ഇടുക്കി ജില്ലാ ജോയിന്റ് ഡയറക്ടർ മുഖേന)
3. സൂപ്രണ്ട്, ഡിഇ സെക്ഷൻ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ്
4. സൂപ്രണ്ട്, ഡിഇഡി സെക്ഷൻ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ് (വിവരാവകാശ നിയമപ്രകാരം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5. കരുതൽ ഫയൽ / ഓഫീസ് കോപ്പി

Signed by
Geromic George
Date: 06-02-2026 07:18:49